**ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറുടെ കാര്യാലയം**
**തൈക്കാട്, തിരുവനന്തപുരം-14.**

ഇ-മെയിൽ : director.ims@kerala.gov.in,cru.ims@kerala.gov.in

വിഷയം :- ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് -ജീവനക്കാര്യം-ഏനാത്ത് ഇ.എസ്.ഐ. ഡിസ്പെൻസറിയിലെ അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ ഡോ. അക്ഷയ് സി.ജോസിന്റെ പരിവീക്ഷാകാലം പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം:-

1) കേരള പി.എസ്.സിയുടെ RIE(2)9190/11/GW നമ്പർ നിയമന ഉത്തരവ് തീയതി: 29.03.2021
2) ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ ഇ1-21042/2017/ഡി.ഐ.എം.എസ് നമ്പർ നിയമന ഉത്തരവ് തീയതി: 29.03.2021
3) ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ ഇ1-6/2021/ഡി.ഐ.എം.എസ് നമ്പർ ഉത്തരവ് തീയതി : 16.4.224
4) അക്കൗണ്ടന്റ് ജനറൽ കേരളയുടെ GE3/A-185790/A-2497/603 നമ്പർ കത്ത് തീയതി: 5.9.2024

**<u>ഉത്തരവ് നമ്പർ – ഇ1-2655/2024/ ഡി ഐ എം എസ് തീയതി:04-10-2024</u>**

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലേയ്ക്ക് പരാമർശം(1) പ്രകാരം കേരള പി.എസ്.സി നിയമന ശുപാർശ നൽകിയ ഡോ. അക്ഷയ് സി.ജോസ് -നെ പരാമർശം (2) പ്രകാരം അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ തസ്തികയിൽ നിയമിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാൻ 09.04.2021 തീയതി പൂർവാഹ്നം ഏനാത്ത് ഇ.എസ്.ഐ. ഡിസ്പെൻസറിയിൽ ജോലിയിൽ പ്രവേശിച്ചു. പരാമർശം (3) പ്രകാരം ജോലിയിൽ പ്രവേശിച്ച തീയതി പൂർവാഹ്നം പ്രാബല്യത്തിൽ ടിയാന്റെ നിയമനം ക്രമവത്കരിച്ചിട്ടുണ്ട്. ടിയാന്റെ പരിവീക്ഷാകാലം പൂർത്തീകരിക്കേണ്ടിയിരുന്നത് 8.4.2023 തീയതിയിലായിരുന്നു. ടിയാൻ പ്രൊബേഷനെ ബാധിക്കുന്ന തരത്തിലുള്ള മറ്റവധികൾ എടുത്തിട്ടില്ലെന്ന് പരാമർശം (4) പ്രകാരം അക്കൗണ്ടന്റ് ജനറൽ അറിയിച്ചിട്ടുണ്ട്. ടിയാൻ പ്രൊബേഷൻ പ്രഖ്യാപിക്കുന്നതിനാവശ്യമായ നിർബന്ധിത വകുപ്പുതല പരീക്ഷ വിജയിച്ചത് 21.11.2023 തീയതിയിലായിരുന്നു. ടി കാലയളവിൽ ടിയാന്റെ പ്രവൃത്തിയും സ്വഭാവവും തൃപ്തികരമാണ്. പ്രൊബേഷൻ കാലയളവിൽ ടിയാനെതിരെ അച്ചടക്കനടപടി ഉണ്ടായിട്ടില്ല.

പ്രസ്തുത സാഹചര്യത്തിൽ ഡോ. അക്ഷയ് സി.ജോസ് അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ തസ്തികയിലെ പരിവീക്ഷാകാലം കേരള സ്റ്റേറ്റ് സബോർഡിനേറ്റ് ചട്ടങ്ങളിലെ ഭാഗം II ചട്ടം 21 പ്രകാരം 09.04.2023 തീയതി മുതൽ 23.11.2023 തീയതി അപരാഹ്നം വരെ ദീർഘിപ്പിച്ചുകൊണ്ടും അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ തസ്തികയിലെ പരിവീക്ഷാകാലം 22.11.2023 തീയതി പൂർവാഹ്നത്തിൽ വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

Signed by
Joan Karen Meyn
Date: 04-10-2024 10:15:34

**ഡോ.JOAN KAREN MEYN**
**ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ (ഇൻ-ചാർജ്ജ്)**

സ്വീകർത്താവ്

ഡോ. അക്ഷയ് സി.ജോസ്
അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ
ഇ.എസ്.ഐ. ഡിസ്പെൻസറി ഏനാത്ത്

പകർപ്പ്:-

1) അക്കൌണ്ടന്റ് ജനറൽ, കേരള തിരുവനന്തപുരം
2) റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ദക്ഷിണ മേഖല കൊല്ലം
3) ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ , ഇ.എസ്.ഐ. ഡിസ്പെൻസറി ഏനാത്ത്
4) ഫയൽ/സ്റ്റോക്ക് ഫയൽ/വെബ്സൈറ്റ്